പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം<br>നം. 1482 | 15.06.2012 ൽ മറുപടിയ്ക്ക് |

## പഞ്ചായത്ത് ജാഗ്രതാ സമിതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, സി. പി. മുഹമ്മദ്<br>,, ലൂഡി ലൂയിസ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ)പഞ്ചായത്തുകളിലെ ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ)സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കൂടിയാലോചനയിലൂടെ പരിഹരിക്കുന്നതിന് രൂപീകരിച്ചിട്ടുള്ളതാണ് ജാഗ്രതാ സമിതികൾ. ജാഗ്രതാ സമിതികൾ വാർഡുതലത്തിലും,പഞ്ചായത്ത്തലത്തിലും, മുനിസിപ്പൽ/കോർപ്പറേഷൻ/ജില്ലാതലത്തിലും നിലവിൽ പ്രവർത്തിച്ചു വരുന്നു. ജാഗ്രതാ സമിതികളുടെ പ്രവർത്തനം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാരാണ് നിയന്ത്രിക്കുന്നത്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മെച്ചപ്പെട്ട രീതിയിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെയും വനിതാ കമ്മീഷന്റെയും സഹായത്തോടെ ജാഗ്രതാ സമിതികളുടെ പ്രവർത്തനം നടത്തിവരുന്നു. ജാഗ്രതാ സമിതികളുടെ സേവനം മെച്ചപ്പെട്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി സ്ത്രീകൾക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കുമായി ഇത് സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കേരള വനിതാ കമ്മീഷനും കേരള പഞ്ചായത്തു വകുപ്പും സംയുക്തമായി പഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ ജാഗ്രതാ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പരിശീലന പരിപാടികളും പഠനങ്ങളും നടത്തിയിട്ടുണ്ട്. |

| | |
|---|---|
| (ബി) ഇവയുടെ പ്രവർത്തനം നിരീക്ഷിക്കുവാനും അവലോകനം ചെയ്യുവാനുമായി ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) യും (സി) യും ജാഗ്രതാ സമിതികളുടെ പ്രവർത്തനം പഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാതലങ്ങളിൽ സാമൂഹ്യക്ഷേമ വകുപ്പ് ഉദ്യോഗസ്ഥൻമാർ കൺവീനർ ആയുള്ള കമ്മിറ്റികൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. കേരള വനിതാ കമ്മീഷനും ജാഗ്രതാ സമിതികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നുണ്ട്.<br>സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും സ്ത്രീകളുടെ പരാതികളും കൈകാര്യം ചെയ്യുന്നതിനായി രൂപീകൃതമായിട്ടുള്ള കേരള വനിതാ കമ്മീഷൻ മുഖാന്തിരം സ്ത്രീകളുടെ പരാതികൾ താഴെത്തട്ടിൽ തന്നെ വികേന്ദ്രീകൃതമായ ജനപങ്കാളിത്തത്തോടെ ജില്ലാ തലത്തിലും പ്രാദേശിക തലത്തിലുമുള്ള ജാഗ്രതാ സമിതികൾ പരിഹരിക്കുവാൻ ശ്രമിക്കുന്നു. അപ്രകാരം പരിഹരിക്കുവാൻ കഴിയാത്ത പ്രശ്നങ്ങൾ പരിഹാരത്തിനായി കേരള വനിതാ കമ്മീഷന്റെ മുമ്പിൽ സമർപ്പിക്കാവുന്നതാണ്. കേരള വനിതാ കമ്മീഷനും ജില്ലാ തലത്തിലും പ്രാദേശിക തലത്തിലും പരിഹരിക്കേണ്ട പ്രശ്നങ്ങൾ ബന്ധപ്പെട്ട സമിതികളോട് നിർദ്ദേശിക്കാറുണ്ട്. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | |

സെക്ഷൻ ഓഫീസർ